"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് - മയിൽപ്പീലി മാസികയെ മീഡിയ ലിസ്റ്റിൽ ഉൾപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (ഡി) വകുപ്പ്

സ.ഉ.(സാധാ) നം.107/2022/I&PRD തീയതി,തിരുവനന്തപുരം, 17-08-2022

പരാമർശം:-

1. 07.07.1999 ലെ സ.ഉ(അച്ചടി) നം. 8/99/ഐ&പി.ആർ
2. 14.05.2014-ലെ സ.ഉ(എം.എസ്) നം. 7/2014/ഐ&പി.ആർ
3. 07.10.2016 ലെ സ.ഉ(അച്ചടി) നം. 10/2016/ഐ&പി.ആർ.ഡി
4. മയിൽപ്പീലി മാസികയുടെ പ്രിന്റർ & പബ്ലിഷർ സമർപ്പിച്ച 17.02.2020-ലെയും 03.07.2020-ലെയും കത്തുകൾ
5. കോഴിക്കോട് റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ സമർപ്പിച്ച 12.03.2020-ലെ 213/18//പി.ആർ.കെ നമ്പർ കത്ത്
6. കോഴിക്കോട് റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറുടെ 31.03.2022-ലെയും 25.05.2022-ലെയും 217/19/പി.ആർ.കെ നമ്പർ കത്തുകൾ

ഉത്തരവ്

സർക്കാർ പരസ്യങ്ങൾ പ്രസിദ്ധീകരിക്കുന്നത് സംബന്ധിച്ച് നയവും നടപടിക്രമങ്ങളും വിശദമാക്കിക്കൊണ്ട് പരാമർശം (1) പ്രകാരം ആനുകാലിക പ്രസിദ്ധീകരണങ്ങളെ വകുപ്പിന്റെ മീഡിയ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനായി പുതിയ മാനദണ്ഡങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് പരാമർശം (2) പ്രകാരവും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ നിരക്ക് വർദ്ധിപ്പിച്ചുകൊണ്ടും, പ്രചാരം അനുസരിച്ചുള്ള കാറ്റഗറി നിശ്ചയിച്ചും പരസ്യങ്ങൾ പ്രസിദ്ധീകരിക്കുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ വിശദീകരിച്ചുകൊണ്ടും പുതിയ ഉത്തരവ് പരാമർശം (3) പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. മയിൽപ്പീലി മാസികയെ മീഡിയ ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് പരാമർശം (4) പ്രകാരം അപേക്ഷ ലഭിക്കുകയും ഇതിൻമേൽ കോഴിക്കോട് ആർ.ഡി.ഡി പരാമർശം (5) (6) പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും കുട്ടികളുടെ മാസികയായ മയിൽപ്പീലി മാസികയെ അവരുടെ പ്രചാരത്തിന്റെ അടിസ്ഥാനത്തിൽ കേരള ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിന്റെ മീഡിയ ലിസ്റ്റിൽ ഉൾപ്പെടുത്തി ചുവടെ ചേർക്കും പ്രകാരം കാറ്റഗറിയും നിരക്കും നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| നം. | മാസികയുടെ പേര് | സ്വഭാവം | കോപ്പികളുടെ എണ്ണം/ സർക്കുലേഷൻ | വലിപ്പം | കാറ്റഗറി | നിരക്ക് |
|---|---|---|---|---|---|---|
| 1 | മയിൽപ്പീലി | മാസിക | 29000 | എ5<br>1/8 ഡെമി | ഡി | 2,808/- |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ജാഫർ മാലിക് ഐ എ എസ്

ഡയറക്ടർ

എഡിറ്റർ, മയിൽപ്പീലി മാസിക

സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും

സെക്രട്ടറി, കേരള പബ്ലിക് സർവീസ് കമ്മീഷൻ (ആമുഖ കത്ത് സഹിതം)

രജിസ്ട്രാർ, കേരള/മഹാത്മാഗാന്ധി/കോഴിക്കോട്/കണ്ണൂർ/അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി

അക്കൗണ്ടൻറ് ജനറൽ കേരള, തിരുവനന്തപുരം

എല്ലാ ബോർഡ് ഡയറക്ടർമാർക്കും/കോർപ്പറേഷൻ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ

രജിസ്ട്രാർ, സി-ഡിറ്റ്, തിരുവനന്തപുരം (വെബ്സൈറ്റിൽ ചേർക്കുന്നതിനായി)

എല്ലാ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും

എല്ലാ ജില്ലാ ഇൻഫർമേഷൻ ഓഫീസർമാർക്കും

പി.ആർ.ഡി വെബ്സൈറ്റ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ